സബ്മിഷൻ

മലപ്പുറം ക്യാൻസർ സെന്റർ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

ശ്രീ. പി. ഉബൈദുള്ള: സർ, മലപ്പുറം ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എത്രയും വേഗം പ്രവർത്തനം ആരംഭിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് സഭയുടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ശ്രദ്ധക്ഷണിക്കുന്നതിനുവേണ്ടിയാണ് റൂൾ 304 പ്രകാരം ഈ സബ്മിഷൻ ഞാൻ അവതരിപ്പിക്കുന്നത്. കേരളത്തിൽ ഓരോ വർഷവും 35000 പേർ ക്യാൻസർ രോഗം തിരിച്ചറിഞ്ഞുകൊണ്ടിരിക്കുന്നുവെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഹൃദ്രോഗം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ മനുഷ്യന്റെ ജീവനെടുക്കുന്ന രോഗമാണ് അർബുദം. സംസ്ഥാനത്തെ ജനസംഖ്യയിൽ മുമ്പിൽ നിൽക്കുന്ന ജില്ലയായ മലപ്പുറത്ത് ക്യാൻസർ രോഗികളുടെ എണ്ണം പെരുകിവരികയാണ്. 2016 ജനുവരി മുതൽ ഏപ്രിൽ വരെ അനൗദ്യോഗിക കണക്ക് പ്രകാരം ജില്ലയിൽ ക്യാൻസർ രോഗികളുടെ എണ്ണം 2150 ആണ്. സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്ന രോഗികളുടെ മാത്രം എണ്ണമാണിത്. മറ്റ് ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്ന രോഗികളുടെ എണ്ണം ഇതിലും എത്രയോ കൂടുതലാണ്. വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ക്യാൻസർ രോഗികൾ ചികിത്സയ്ക്കുവേണ്ടി

കിലോമീറ്ററോളം സഞ്ചരിക്കേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. തിരുവനന്തപുരം ആർ.സി.സി.-യെയാണ് ഈ രോഗികൾ പ്രധാനമായും ആശ്രയിക്കുന്നത്. ഇന്ന് രാവിലെ ഞാൻ ട്രെയിൻ ഇറങ്ങുമ്പോൾ പാവപ്പെട്ട കുടുംബത്തിലെ ചെറിയ കുട്ടികളടക്കം ആർ.സി.സി.-ലേയ്ക്ക് ചികിത്സ തേടിയെത്തുകയാണ്. ഈ സാഹചര്യം കണക്കിലെടുത്താണ് മുൻ ഗവൺമെന്റ് മലപ്പുറത്ത് ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനുവേണ്ടി തീരുമാനിച്ചത്. ക്യാൻസർ രോഗം നിർണ്ണയിക്കുന്നതിനും മികച്ച ചികിത്സാ സാങ്കേതിക ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി രോഗം പൂർണ്ണമായും മാറ്റിയെടുക്കാനുമുള്ള സംവിധാനങ്ങളോടെയാണ് ഈ സെന്റർ വിഭാവന ചെയ്തത്. 340 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കുവേണ്ടി 2016-17 വർഷത്തെ ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തുകയും ചെയ്തു. ക്യാൻസർ സെന്റർ സ്ഥാപിക്കുന്നതിനാവശ്യമായ 25 ഏക്കർ സ്ഥലം പാണക്കാട് വില്ലേജിലെ ഇൻകെൽ സിറ്റിയിൽ വിട്ടുനൽകാൻ തീരുമാനിക്കുകയും ഇതിനെത്തുടർന്ന് സെന്ററിന്റെ ശിലാസ്ഥാപനവും നടക്കുകയുണ്ടായി. 26-09-2016-ൽ എന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയിൽ, മലപ്പുറം ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് 25 ഏക്കർ സ്ഥലം അനുവദിച്ചുകൊണ്ട് 03-

02-2016-ലെ ജി.ഒ. ആർ.ടി. നം. 132/16/ഐ.ഡി. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിൽ നിന്ന് സ്ഥലം പതിച്ച് നൽകേണ്ടതുണ്ട്. ഇതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നുവെന്നാണ് പറയുന്നത്. ഈ ജി.ഒ. ഇറങ്ങി 9 മാസം ആയിട്ടും നടപടിക്രമം നടന്നുവരുന്നുവെന്നുള്ള മറുപടിയാണ് കിട്ടിയിട്ടുള്ളത്. ഈ നടപടിക്രമങ്ങൾ എന്നേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കും. റവന്യൂ വകുപ്പിൽ നടന്നുകൊണ്ടിരിക്കുന്ന കുറ്റകരമായ അനാസ്ഥയാണ് ഇത് തെളിയിക്കുന്നത്. അതുകൊണ്ട് അടിയന്തരമായി ഇക്കാര്യത്തിൽ തീർപ്പുണ്ടാക്കേണ്ടതുണ്ട്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്നത്തേയ്ക്ക് മലബാർ ക്യാൻസർ സെന്ററിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്ന മറുപടിയാണ് എനിക്ക് ലഭിക്കേണ്ടത്. പതിവുപോലെ അന്വേഷിച്ചുവരുന്നുവെന്ന മറുപടി ലഭിച്ചിട്ട് യാതൊരു കാര്യവുമില്ല. ഇനിയൊട്ടും താമസിക്കാതെ മലപ്പുറം ക്യാൻസർ സെന്റർ യാഥാർത്ഥ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് 2014 ഫെബ്രുവരി 14-ന് മലപ്പുറം ക്യാൻസർ സെന്റർ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് രജിസ്റ്റർ ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും വ്യവസായ, ആരോഗ്യ

വകുപ്പുമന്ത്രിമാർ വൈസ് ചെയർമാൻമാരുമാണ്. 25 അംഗ ഗവേണിംഗ് ബോഡിയുണ്ട്. സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. പ്രോജക്ട് ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 340 കോടി രൂപ ചെലവ് വരുന്ന 300 കിടക്കകളുള്ള ആശുപത്രിയാണ് ഉദ്ദേശിക്കുന്നത്. 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഇതിനായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ പൈസയൊന്നും നൽകിയിട്ടില്ല. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഒരു കോടി രൂപ വായ്പ കൊടുത്തു. ഇതുകൊണ്ടാണ് കുറച്ച് പ്രവർത്തനങ്ങൾ നടത്തിയത്. 2014-15-ലേയും 2015-16-ലേയും ബഡ്ജറ്റുകളിൽ ഒരു പൈസപോലും ഇതിനുവേണ്ടി ഉൾപ്പെടുത്തിയിരുന്നില്ല.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, 2016-17 വർഷത്തെ ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, അത് ഗവൺമെന്റിന് അറിയില്ല. ഇങ്ങനെയൊക്കെ പറഞ്ഞ് പറ്റിച്ചതാണ് പ്രശ്നമെന്ന് ഞാൻ നേരത്തെ പറഞ്ഞല്ലോ. ആശുപത്രി പണിയുന്നതിനെക്കുറിച്ച് നമുക്ക് ആലോചിക്കാം. 03.02.2016-ൽ കെ.എസ്.ഐ.ഡി.സി. ഇറക്കിയിട്ടുള്ള 132/2016/ഐ.ഡി. ഉത്തരവ് പ്രകാരം പാണക്കാട് വ്യവസായ വളർച്ചാ കേന്ദ്രത്തിൽനിന്നും 30 ഏക്കർ ഭൂമി റവന്യൂ

വകുപ്പിന് സറണ്ടർ ചെയ്യുകയും അതിൽനിന്ന് 25 ഏക്കർ ഭൂമി മലപ്പുറം ക്യാൻസർ സെന്റർ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് പതിച്ചുനൽകാൻ റവന്യൂ വകുപ്പിൽ നിന്നും നടപടികൾ നടന്നുവരികയാണ്. എന്നാൽ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്താൻ നിർദ്ദേശം സമർപ്പിച്ചപ്പോൾ ഇത് വ്യവസായ വകുപ്പിന്റെ കീഴിൽ പരിഗണിക്കപ്പെടേണ്ടതല്ലെന്നും ആരോഗ്യവകുപ്പിന്റെ കീഴിലാണ് ഈ പ്രോജക്ട് നടപ്പിലാക്കേണ്ടതെന്നും ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 25.07.2016-ന് സൊസൈറ്റിയുടെ ഗവേണിംഗ് ബോഡി ചേർന്ന് മലപ്പുറം ക്യാൻസർ സെന്ററിന്റെ പ്രോജക്ടിന്റെ ഭാവി സംബന്ധിച്ച് തീരുമാനമെടുക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ വിഷയം സർക്കാർ ഗൗരവമായി പരിശോധിച്ചുവരുന്നു.

## കേരള സാഹിത്യ അക്കാദമിക്ക് സ്ഥലം അനുവദിക്കൽ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കേരളപ്പിറവിയുടെ 60-ാം വാർഷികം നാളെ ആഘോഷിക്കുകയാണ്. കേരള സാഹിത്യ അക്കാദമിയുടെ പ്രവർത്തനം തുടങ്ങിയത് 1956-ലാണ്. 60 വർഷം പൂർത്തീകരിക്കുകയാണ്. മലയാള സാഹിത്യത്തിനും ഭാഷയ്ക്കും വിലപ്പെട്ട സംഭാവനകൾ നൽകിയ സാഹിത്യ അക്കാദമി പ്രവർത്തിക്കുന്നത് ഇപ്പോഴും സ്വന്തം ഭൂമിയിലല്ല. പി.ഡബ്ല്യൂ.ഡി. ഒരു

രൂപ നിരക്കിൽ പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമിയിലാണ് സാഹിത്യ അക്കാദമി പ്രവർത്തിക്കുന്നത്. കേരള സാഹിത്യ അക്കാദമിയുടെ ആസ്ഥാനമായ തൃശ്ശൂരിൽ പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമി സാഹിത്യ അക്കാദമിക്ക് നൽകണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. ഇതിന് നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് സന്നദ്ധമാകുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കേരള സാഹിത്യ അക്കാദമി ആരംഭിച്ചിട്ട് 60 വർഷം പൂർത്തിയായെങ്കിലും ഇപ്പോഴും സ്വന്തം സ്ഥലത്തല്ല പ്രവർത്തിക്കുന്നത്. 1956-ൽ തിരുകൊച്ചി സർക്കാരാണ് കേരള സാഹിത്യ അക്കാദമി ആരംഭിച്ചത്. 1958-ൽ സാഹിത്യ അക്കാദമിയുടെ ആസ്ഥാനം തിരുവനന്തപുരത്തുനിന്ന് തൃശ്ശൂരിലേയ്ക്ക് മാറ്റി. തൃശ്ശൂർ ജില്ലയിൽ ചെമ്പുക്കാവ് ദേശം സർവ്വേ നമ്പർ 269-ൽ 2 ഏക്കർ 26 സെന്റ് സ്ഥലത്ത് പഴയ ജില്ലാ സെഷൻസ് കോടതി പ്രവർത്തിച്ചിരുന്ന കെട്ടിടമാണ് സാഹിത്യ അക്കാദമിക്ക് ലഭിച്ചത്. പൊതുമരാമത്ത് വകുപ്പിൽനിന്ന് പാട്ട വ്യവസ്ഥയിൽ അനുവദിച്ച പ്രസ്തുത ഭൂമിക്ക് പ്രതിമാസം ഒരു രൂപ പൊതുമരാമത്ത് വകുപ്പിൽ അക്കാദമി അടച്ചുകൊണ്ടിരിക്കുകയാണ്. അക്കാദമിയുടെ പ്രധാന കെട്ടിടം കൂടാതെ

പുസ്തകശാല, മൺമറഞ്ഞ സാഹിത്യകാരന്മാരുടെ എണ്ണഛായാ ചിത്രങ്ങൾ സൂക്ഷിച്ചിരിക്കുന്ന പോർട്രെയിറ്റ് ഗ്യാലറി, ചങ്ങമ്പുഴ മന്ദിരം, സുവർണ്ണ ജൂബിലി സ്മാരക മന്ദിരം ഇതൊക്കെ ഈ കോമ്പൗണ്ടിലാണുള്ളത്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് സാഹിത്യ അക്കാദമി നിലവിൽ പ്രവർത്തിക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടവും സ്ഥലവും സാംസ്കാരിക വകുപ്പിന് കൈമാറുന്നതിനെ സംബന്ധിച്ച് സർക്കാർ നടപടികൾ സ്വീകരിച്ചുവരികയാണ്.

ട്രാവൻകൂർ ടീ കമ്പനി അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി

ശ്രീ. അടൂർ പ്രകാശ്: സർ, സ്വാതന്ത്ര്യത്തിനുമുമ്പ് ഇംഗ്ലീഷ് കമ്പനികൾ കൈവശം വച്ചിരുന്ന ഭൂമി തിരിച്ചുപിടിക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അനധികൃതമായി കൈവശം വച്ചിരുന്ന ഭൂമി തിരിച്ചുപിടിക്കാൻ നടപടികളുമായി മുന്നോട്ടുപോയി. ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് നടപടികളുമായി മുന്നോട്ടുപോയത്. അഞ്ച് ലക്ഷത്തോളം ഏക്കർ ഭൂമി അനധികൃതമായി പല ആളുകളുടെയും കൈവശത്തിലുണ്ടെന്നാണ് ഐ. ജി. ശ്രീ. ശ്രീജിത്തിന്റെ റിപ്പോർട്ട്. ഇതിൽ ഏറ്റവും കൂടുതൽ ഭൂമി അനധികൃതമായി കൈവശം വച്ചിരിക്കുന്നത്

ഹാരിസൺ മലയാളം പ്ലാന്റേഷനാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഹാരിസണിന് എതിരെ കേസ് എത്തിയപ്പോഴാണ് കേരളാ ലാന്റ് കൺസർവൻസി ആക്ട് അനുസരിച്ച് നോട്ടീസ് നൽകി നടപടിയിലേയ്ക്ക് പോകാൻ കോടതി നിർദ്ദേശിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ നടപടികളുമായി മുന്നോട്ടുപോയി. അതുപോലെ ട്രാവൻകൂർ ടീ കമ്പനിയുടെ പെരുവന്താനത്ത് കൈവശമുള്ള 7373.67 ഏക്കർ ഭൂമി അനധികൃതമായി കൈവശം വച്ചിരിക്കുന്നത് തിരിച്ചുപിടിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകാൻ കഴിഞ്ഞ ഗവൺമെന്റാണ് ഉത്തരവിട്ടത്. ഇക്കാര്യങ്ങൾ പരിശോധന നടത്തി നടപടികളുമായി മുന്നോട്ടുപോകാൻ ശ്രീ. രാജമാണിക്യം ഐ.എ.എസ്.-നെയാണ് ചുമതലപ്പെടുത്തിയത്. രാജമാണിക്യം നടപടികളുമായി മുന്നോട്ടുപോകുന്ന അവസരത്തിൽ രേഖകൾ ഹാജരാക്കാൻ കമ്പനിയോട് ആവശ്യപ്പെട്ടു. അവർക്ക് രേഖകൾ ഹാജരാക്കാൻ കഴിഞ്ഞില്ല. തുടർന്ന് ഈ സ്ഥലത്തെ മരം മുറിക്കരുതെന്നും സ്ഥലം കൈമാറ്റം ചെയ്യരുതെന്നും കമ്പനിക്കും റവന്യൂ സർട്ടിഫിക്കറ്റുകൾ നൽകരുതെന്ന് റവന്യൂ ഉദ്യോഗസ്ഥർക്കും ജൂൺ മാസം 10-ാം തീയതി നിർദ്ദേശം നൽകി. ഇതിനെതിരെ ആഗസ്റ്റ് 18-ന് കമ്പനി ഹൈക്കോടതിയിൽ റിട്ട് ഹർജി നൽകി. ആഗസ്റ്റ് 30-ന് സിംഗിൾ ബഞ്ച് പരിഗണനയ്ക്കായി നിശ്ചയിച്ചു. സർക്കാരിന്റെ സത്യവാങ്മൂലം നൽകാനുള്ളത്

ആഗസ്റ്റ് 18-നതന്നെ വിശദാംശങ്ങൾ ഗവൺമെന്റ് പ്ലീഡർ മെയിൽ മുഖേന അറിയിക്കുകയും ചെയ്തു. മാത്രമല്ല ആഗസ്റ്റ് 22-ന് സ്പെഷ്യൽ ഓഫീസർ ശ്രീ. രാജമാണിക്യവും സംഘവും പ്ലീഡറെ നേരിട്ട് കണ്ട് വിശദാംശങ്ങൾ ധരിപ്പിക്കുകയും ചെയ്തതായി വിവരാവകാശ രേഖകൾ തന്നെ സൂചിപ്പിക്കുകയാണ്. എന്നാൽ സർക്കാർ അഭിഭാഷകൻ സത്യവാങ്മൂലം സമർപ്പിക്കുകയോ കേസ് പരിഗണിച്ചപ്പോൾ സമാനമായ കേസുകളിൽ ഡിവിഷൻ ബഞ്ചുകൾ സർക്കാരിന് അനുകൂലമായി വിധി പറഞ്ഞത് കോടതിയെ അറിയിക്കുകയോ ചെയ്തില്ല. സർക്കാർ അഭിഭാഷകർ മനഃപൂർവ്വം തോറ്റുകൊടുത്തതിനാൽ സ്ഥിതി തുടരാൻ സിംഗിൾ ബഞ്ച് നിർദ്ദേശിക്കുകയാണ് ചെയ്തത്. കോടതി വിധികൾ അതാത് സമയത്ത് സ്പെഷ്യൽ ഓഫീസറെ അറിയിക്കാതെ അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ് ആ വിധി മറച്ചുവയ്ക്കുകയാണ് ചെയ്തത്. വിധി എതിരാണെന്ന് അറിയാതെ സ്പെഷ്യൽ ഓഫീസർ സെപ്റ്റംബർ മാസം 24-ന് കമ്പനിയോട് രേഖകൾ ഹാജരാക്കാൻ വീണ്ടും ആവശ്യപ്പെട്ടു. ഇത് കോടതിയലക്ഷ്യമാണെന്ന് ഒക്ടോബർ 20-ന് സിംഗിൾ ബഞ്ച് വിധിക്കുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഈ കേസുകളൊക്കെ പരിഗണിച്ചുകൊണ്ടിരുന്നത് അഡ്വക്കേറ്റ് ശ്രീമതി സുശീല ഭട്ടാണ്. ശ്രീമതി സുശീലാ ഭട്ടിനെ നിങ്ങൾ മാറ്റി. അതിനെക്കുറിച്ച് ഈ ഗവൺമെന്റിന്റെ

മുമ്പിൽ ഞങ്ങളാരും ആക്ഷേപങ്ങൾ പറഞ്ഞിട്ടില്ല. ഇതിനകത്ത് ശ്രീ. രഞ്ജിത്ത് തമ്പാൻ എന്ന അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ഹാജരായി ഈ കേസിന് അനുകൂലമായൊരു വിധി ഉണ്ടാക്കുന്നതിനുപകരം..... ഹാരിസൺ കമ്പനി അനധികൃതമായി വിറ്റഴിച്ച തെന്മലയിലെ തോട്ടത്തിന്റെ ഒരു ഭാഗം വാങ്ങിയ തെന്മല സ്വദേശി ശ്രീമതി ആനന്ദവല്ലി അമ്മയുടെ പരാതിയിലാണ് വർഷങ്ങൾക്കുമുമ്പ് ശ്രീ. രഞ്ജിത്ത് തമ്പാൻ ഹാജരായത്. ഹാരിസൺ കമ്പനിയുടെ പക്കൽനിന്നും ശ്രീമതി ആനന്ദവല്ലി അമ്മ വാങ്ങിയ ഭൂമി പേരിൽകൂട്ടി കൊടുക്കാൻവേണ്ടി അദ്ദേഹം നടപടികളെടുത്തു, എന്നുപറഞ്ഞാൽ അതിന് അനുകൂലമായ ഉത്തരവ് ഉണ്ടാക്കിക്കൊടുത്തു. ബഹുമാനപ്പെട്ട ഗവൺമെന്റ് ഇക്കാര്യത്തിൽ ഒരു നടപടികളും സ്വീകരിക്കുന്നില്ല എന്നുള്ളതുകൊണ്ട് അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചുപിടിക്കാൻ എന്തെങ്കിലും നടപടികളെടുക്കാൻ കഴിയുമോ? അഞ്ച് ലക്ഷത്തോളം വരുന്ന ഭൂരഹിതരായ ആളുകളുണ്ടിവിടെ, അവർക്ക് ഞങ്ങൾ ഭൂമി കൊടുക്കാൻ പോകുന്നുവെന്ന് ബഹുമാനപ്പെട്ട പട്ടികജാതി വകുപ്പുമന്ത്രി സഭയിൽ തന്നെ പറഞ്ഞു. അങ്ങ് ചെയ്യുന്ന കാര്യങ്ങൾക്കൊന്നും ഞങ്ങളാരും എതിരല്ല. ഞങ്ങൾ ഭൂമി കൊടുക്കുമെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും പറഞ്ഞു. ഭൂമി കൊടുക്കണം. ഭൂമി കൊടുക്കുന്നത് എങ്ങനെയാണെന്നുള്ളതിനെക്കുറിച്ച് അങ്ങ്

ആലോചിക്കണം. അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഇത്തരം ഭൂമികൾ തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുപകരം അഡ്വീഷണൽ അഡ്വക്കേറ്റ് ജനറൽ ഉൾപ്പെടെയുള്ള ആളുകൾ ഇത്തരത്തിലുള്ള നടപടികളുമായി മുന്നോട്ടു പോയാൽ ഗവൺമെന്റ് പ്രഖ്യാപിക്കുന്ന പദ്ധതികൾ എങ്ങനെ നടപ്പാക്കാൻ കഴിയും എന്നതിനെക്കുറിച്ച് ആശങ്കയുണ്ട്. ഇക്കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നതാണ് എന്റെ ആവശ്യം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ, ഹാരിസൺ മലയാളം ലിമിറ്റഡ്, ട്രാവൻകൂർ റബ്ബർ ആന്റ് ടീ തുടങ്ങിയ കമ്പനികൾ സംസ്ഥാനത്ത് അനധികൃതമായി കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി തിരിച്ചുപിടിക്കുന്നതിനും സ്വാതന്ത്ര്യത്തിനു മുൻപ് ബ്രിട്ടീഷ് പൗരന്മാരും കമ്പനികളും കൈവശം വച്ചിരുന്നതും സ്വാതന്ത്ര്യത്തിനുശേഷം നിലവിൽവന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിയമംമൂലം കൈമാറിയിട്ടില്ലാത്തതുമായ സർക്കാർ ഭൂമി കേരള ഭൂസംരക്ഷണ നിയമപ്രകാരം ഏറ്റെടുക്കുന്നതിനുമായി ശ്രീ. എം. ജി. രാജമാണിക്യം, ഐ.എ.എസ്.-നെ സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസറായി നിയമിച്ച്

ഉത്തരവായിരുന്നു. വിശദമായ പരിശോധനകൾക്കുശേഷം എം.എസ്. മലയാളം പ്ലാന്റേഷൻ യു.കെ. ലിമിറ്റഡ് എന്ന വിദേശ കമ്പനി സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 75,000 ഏക്കറോളം ഭൂമിയും ട്രാവൻകൂർ റബ്ബർ ആന്റ് ടീ കമ്പനി അനുബന്ധ കമ്പനികളും കൂടി 14040.43 ഏക്കർ ഭൂമിയും അനധികൃതമായി കൈവശം വച്ചിരിക്കുന്നതായി കണ്ടെത്തിയതിനെത്തുടർന്ന്, 38170.92 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമപ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവുകൾക്കെതിരെ കമ്പനികൾ ഫയൽ ചെയ്ത് കേസിന്റെ വിധി തൽസ്ഥിതി തുടരുവാൻ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത കേസ്സുകളിൽ വാദം കേട്ട ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് കേസുകളിൽ വിശദമായ വാദം കേൾക്കുന്നതിനായി ഡിവിഷൻ ബഞ്ചിന് റഫർ ചെയ്ത് 25.11.2015-ന് ഉത്തരവരായിട്ടുണ്ട്. ട്രാവൻകൂർ റബ്ബർ ആന്റ് ടീ കമ്പനിക്കും അനുബന്ധ കമ്പനികളായ പീരുമേട് ടീ കമ്പനി, ബ്രൈമൂർ എസ്റ്റേറ്റ്, മാരിഗോൾഡ് എസ്റ്റേറ്റ് എന്നിവയ്ക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി

സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസറുടെ അനുമതിയില്ലാതെ മരം മുറിക്കുന്നതും ഭൂമി കൈമാറുന്നതും റവന്യൂ രേഖകൾ നൽകുന്നതും തടഞ്ഞുകൊണ്ട് 10.06.2016-ന് സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ നൽകിയ ഉത്തരവിനെതിരെ ട്രാവൻകൂർ റബ്ബർ ആന്റ് ടീ കമ്പനി ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)26798/2016-ാം നമ്പർ കേസിൽ സമാനമായ മുൻകേസുകളുടെ ഇടക്കാല ഉത്തരവുകളുടെ ചുവടുപിടിച്ച് ബഹുമാനപ്പെട്ട കോടതി തൽസ്ഥിതി തുടരുവാൻ 30.08.2016.ന് ഉത്തരവായി. കമ്പനികൾക്ക് ഭൂമിയിലുള്ള അവകാശത്തെ സാധൂകരിക്കുന്നതിനുള്ള അസ്സൽ രേഖകളുമായി 21.10.2016-ന് നേരിൽ ഹാജരാകുന്നതിന് സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ 24.09.2016-ന് ഹിയറിംഗ് നോട്ടീസ് അയച്ചു. പ്രസ്തുത നോട്ടീസിനെതിരെ കമ്പനികൾ ഹൈക്കോടതിയെ സമീപിക്കുകയും സർക്കാർ അഭിഭാഷകരുടെ വാദം അംഗീകരിക്കാതെ ബഹുമാനപ്പെട്ട ഹൈക്കോടതി ഹിയറിംഗ് നടപടികൾ ഒരു മാസത്തേയ്ക്ക് സ്റ്റേ ചെയ്തിട്ടുള്ളതുമാണ്. ഈ വിഷയത്തെ സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ സർക്കാരിന് സമർപ്പിച്ച വിശദമായ ഇടക്കാല റിപ്പോർട്ടിലെ ശിപാർശകൾ

സർക്കാർ പരിശോധിച്ചുവരികയാണ്.

## കുന്നമ്മൽ അനുബന്ധ കുടിവെള്ള പദ്ധതി

ശ്രീ. ഇ. കെ. വിജയൻ: സർ, കുന്നമ്മൽ കുടിവെള്ള അനുബന്ധ പദ്ധതി എത്രയും വേഗം കമ്മീഷൻ ചെയ്യണമെന്നുള്ളതാണ് എന്റെ ഈ സബ്മിഷൻ. കുടിവെള്ളം കിട്ടാത്ത അവസ്ഥ സംജാതമാകുവാൻ പോകുന്ന സാഹചര്യത്തിൽ 'വേഴാമ്പലിനെപ്പോലെ' എത്രയോ വർഷങ്ങളായി കാത്തിരിക്കുന്ന രണ്ടുലക്ഷത്തിലേറെ വരുന്ന ജനങ്ങളുടെ ആവശ്യമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. ഇത്തരമൊരു പദ്ധതിയുള്ളതുകൊണ്ട് മറ്റു കുടിവെള്ള പദ്ധതികൾ ഒന്നുംതന്നെ തുടങ്ങാനും കഴിയുന്നില്ല. അഞ്ചാറ് പഞ്ചായത്തുകളെ ബാധിക്കുന്ന ഒരു മേജർ കുടിവെള്ള പദ്ധതിയാണിത്. അതിന്റെ പണി 95 ശതമാനവും പൂർത്തീകരിച്ചുകഴിഞ്ഞിട്ടുണ്ട്. വളരെവേഗം ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയണമെന്നാണ് എന്റെ ആവശ്യം. എത്ര ദിവസത്തിനകം ഇത് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഉത്തരം നൽകുമോ എന്നാണ് ചോദിക്കാനുള്ളത്?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു റ്റി. തോമസ്): സർ, ഈ പദ്ധതിയെ സംബന്ധിച്ച് കഴിഞ്ഞ ദിവസം കൂടിയ ജില്ലാതല അവലോകന യോഗത്തിൽ പരാമർശിക്കുകയുണ്ടായി. കുന്നമ്മൽ കുടിവെള്ള പദ്ധതിക്ക് 10 ഘടകങ്ങളാണുള്ളത്. അതിൽ 8 ഘടകങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു. ഇനി പൂർത്തീകരിക്കാനുള്ള 2 ഘടകങ്ങൾ - റോ-വാട്ടർ പമ്പിംഗ് ഹൗസിലേക്കുള്ള പവ്വർ കണക്ഷൻ, പ്രധാന ശുദ്ധജല ഗ്രാവിറ്റി മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളുമാണ്. ശുദ്ധജല ഗ്രാവിറ്റി മെയിനും 16 കിലോമീറ്ററിലധികം പൂർത്തീകരിച്ചു കഴിഞ്ഞു. ബാക്കിയുള്ളത് വെറും 800 മീറ്ററാണ്. അതിൽ റോഡ് മുറിച്ചു കടക്കേണ്ട (പി.ഡബ്ള്യു.ഡി റോഡും പഞ്ചായത്ത് റോഡുമടക്കം) സർക്കാരിന്റെ അനുമതിക്കുവേണ്ടി കാത്തിരിക്കുകയാണ്. കുന്നമ്മൽ പഞ്ചായത്തിൽ പുതുതായി മെറ്റൽ ചെയ്ത ഒലിപ്പിൽ പീടിക റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് നാട്ടുകാരുടെ എതിർപ്പ് നിലവിലുണ്ട് എന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. നരിപ്പറ്റ-കൊയ്യാൽ ടാങ്കിലേക്കുള്ള

ഇടുങ്ങിയ വഴിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ സഹകരണവുംകൂടി ആവശ്യമാണ്. കുറ്റ്യാടി പമ്പ് ഹൗസിൽ പുതിയതായി സ്ഥാപിച്ച ട്രാൻസ്ഫോർമറിലേക്ക് വൈദ്യുതികണക്ഷൻ ലഭ്യമാക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമായാലുടൻ ട്രയൽ റൺ നടത്തി പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യാനും ഗ്രാവിറ്റി മെയിൻ സ്ഥാപിക്കുന്നതിന്റെ തടസ്സങ്ങൾ ത്വരിതഗതിയിൽ പരിഹരിച്ച് അടുത്ത വർഷം മാർച്ച് 31-ന് മുൻപ് പൂർത്തീകരിച്ച് പൂർണ്ണമായി കമ്മീഷൻ ചെയ്യുവാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**ചീക്കോട് കുടിവെള്ള പദ്ധതി**

ശ്രീ. ടി. വി. ഇബ്രാഹിം: സർ, മലപ്പുറം ജില്ലയിലെ ഏറ്റവും വലിയ കുടിവെള്ള പദ്ധതിയാണ് കൊണ്ടോട്ടി മണ്ഡലത്തിലെ ചീക്കോട് കുടിവെള്ള പദ്ധതി. 10 വില്ലേജുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് 1996-ൽ എൽ.ഐ.സി.യുടെ പദ്ധതിപ്രകാരമാണ് ഇത് ആരംഭിച്ചതെങ്കിലും 2002-

ൽ പദ്ധതി ഉദ്ഘാടന സമയത്ത് എൽ.ഐ.സി. ഇതിൽ നിന്നും പിൻവാങ്ങുകയും 2008-ൽ നബാർഡിന്റെ ധനസഹായത്തോടുകൂടി ഇത് പ്രവർത്തനമാരംഭിച്ച് 2006 ഫെബ്രുവരിയിൽ ഇത് ഭാഗികമായി കമ്മീഷൻ ചെയ്ത് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഇതുപ്രകാരം 145 ദശലക്ഷം സംഭരണശേഷിയുള്ള 6 ടാങ്കുകൾ നിർമ്മിതമാകുകയും അവിടെ വെള്ളം എത്തിനിൽക്കുകയുമാണ്. ഈ വെള്ളം ആളുകൾക്ക് എത്തിച്ചുകൊടുക്കുകയെന്നുള്ള ജോലി ഡിപ്പാർട്ടുമെന്റുകളെ ഏകോപിപ്പിച്ചുകൊണ്ട് നടത്താൻ കഴിഞ്ഞാൽ നന്നായിരുന്നു. ഏറ്റവും രൂക്ഷമായ കുടിവെള്ള പ്രശ്നമാണ് വരാൻ പോകുന്നതെന്ന് നമുക്കെല്ലാവർക്കും അറിയാം. ഈ വർഷം തന്നെ കുടിവെള്ളം എത്തിച്ചുകൊടുക്കാൻ കഴിയും. അതിനുവേണ്ടി സർക്കാർ ഓരോ ഡിപ്പാർട്ടുമെന്റിന്റെയും ഏകോപനം നടത്തി ഏറ്റെടുക്കണമെന്നുള്ള കാര്യത്തിലേക്കാണ് ഞാൻ ഈ കാര്യങ്ങൾ ഇവിടെ അവതരിപ്പിക്കുന്നത്. 45,000 കുടുംബങ്ങൾക്ക് ഇതുപ്രകാരം വെള്ളം കൊടുക്കാൻ കഴിയും. ഇതിന്റെ വിതരണലൈൻ മാത്രമാണ് ബാക്കിയുള്ളത്. ഈ

വിതരണലൈൻ, 360 കിലോമീറ്റർ വിതരണ ലൈനിനുവേണ്ടി നേരത്തെതന്നെ ജലവിഭവവകുപ്പ് ഏറ്റെടുത്ത പദ്ധതി ഇനിയും പൂർത്തിയാക്കാനുണ്ട്. അതിൽ 200 കിലോമീറ്റർ ഇപ്പോൾ വിതരണം നടത്തിക്കഴിഞ്ഞു. ഇപ്പോൾ 600 കുടുംബങ്ങൾക്ക് വെള്ളം കിട്ടിയിട്ടുണ്ട്. മാത്രമല്ല, ബാക്കിയുള്ള 100-ൽപ്പരം കിലോമീറ്ററിനുകൂടി വാട്ടർ അതോറിറ്റിതന്നെ വിതരണം നടത്തേണ്ടതുണ്ട്. അതിന് 3 പ്രശ്നങ്ങൾ ഇപ്പോൾ ഇതിന്റെ ഭാഗമായി നിൽക്കുന്നുണ്ട്.

മി. ചെയർമാൻ: .........പ്ലീസ്....... പ്ലീസ്..........

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഇത് രൂക്ഷമായ കുടിവെള്ള പ്രശ്നമാണ്; ഈ കാലത്തിന് ഏറ്റവും പ്രസക്തമാണ്. അതുകൊണ്ട് 100-ൽപ്പരം വിതരണ ലൈൻ പൂർത്തിയാക്കാൻവേണ്ടി പി.ഡബ്ള്യു.ഡി. റോഡിന് പെർമിഷൻ കൊടുക്കണം. റോഡ് വെട്ടിപ്പൊളിക്കുന്നതിനുവേണ്ടി പി.ഡബ്ള്യു.ഡി. പെർമിഷൻ കൊടുക്കുന്നില്ല. കാരണം നേരത്തെ വെട്ടിപ്പൊളിച്ചത് റെസ്റ്റോർ ചെയ്യാൻ ഇതുവരെ വാട്ടർ അതോറിറ്റിക്ക് സാധിച്ചിട്ടില്ല. പി.ഡബ്ള്യു.ഡി. 9.13 കോടി രൂപ ആവശ്യപ്പെട്ടെങ്കിലും

കൊടുത്തത് 4.36 കോടി രൂപയാണ്. നാലേമുക്കാൽ കോടി രൂപ അതിൽ തന്നെ കൊടുക്കാനുണ്ട്. മാത്രമല്ല, പി.ഡബ്ല്യു.ഡി. പൊളിക്കാനുള്ള ബാക്കി ഭാഗത്തിന് ഏകദേശം 6 കോടി രൂപയുടെ എസ്റ്റിമേറ്റ് കൂടി സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ പ്രൊപ്പോസൽ തിരുവനന്തപുരത്തേയ്ക്ക് ജലവിഭവവ കുപ്പിന് അയച്ചിട്ടുണ്ടെങ്കിലും അതിന് ജലവിഭവവകുപ്പ് അംഗീകാരം കൊടുക്കാത്ത പ്രശ്നമാണ് ഒന്നാമതായി നിലവിലുള്ളത്. രണ്ടാമത്, ഇതിന്റെ വിതരണ ലൈൻ ജലനിധി വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ കൊണ്ടോട്ടി നഗരസഭയായതുകൊണ്ട് ജലനിധി വകുപ്പിന് ഏറ്റെടുക്കാൻ കഴിയില്ലായെന്ന് അറിയിച്ചതുകൊണ്ട് കൊണ്ടോട്ടി നഗരസഭയിൽ ഇതിന്റെ വിതരണം പൂർത്തിയാക്കുന്നതിനായി ഏകദേശം 20 കോടി രൂപയെങ്കിലും ഗവൺമെന്റ് ഗ്രാന്റായി കൊടുത്താൽ മാത്രമേ ഇതിന്റെ വിതരണ ലൈൻ പൂർത്തിയാക്കാൻ കഴിയുകയുള്ളൂ. അതോടൊപ്പംതന്നെ വ്യത്യസ്തമായ പഞ്ചായത്തുകൾ ജലനിധിവകുപ്പ് ഏറ്റെടുത്ത് അത് പൂർത്തിയാക്കുമ്പോൾ അതിന്റെ പതിനഞ്ചു ശതമാനം ലോക്കൽ ബോഡി കൊടുക്കേണ്ടതുണ്ട്. ലോക്കൽ ബോഡിക്ക് ഇത്രയും

ഭീമമായ തുക ഈ വർഷം കൊടുക്കാൻ കഴിയില്ലായെന്നതുകൊണ്ട് ആ പഞ്ചായത്തുകൾക്ക് ഗ്രാന്റായി 15 കോടി രൂപയും റോഡുകൾ നന്നാക്കുന്നതിനുവേണ്ടി 10 കോടി രൂപയും അങ്ങനെ മൊത്തം **45** കോടി രൂപ ഇപ്രാവശ്യം ഗവൺമെന്റ് അനുവദിച്ചുകഴിഞ്ഞാൽ ഈ വർഷംതന്നെ രൂക്ഷമായ കുടിവെള്ള പ്രശ്നത്തിന് പരിഹാരമായി ചീക്കോട് കുടിവെള്ള പദ്ധതി മാറുമെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. സർക്കാർ അടിയന്തരമായി ഈ കാര്യത്തിൽ ഇടപെടണമെന്നും ജലവിഭവ വകുപ്പുമന്ത്രിയുടെയും പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയും ശ്രദ്ധ ഇക്കാര്യത്തിലുണ്ടാകണതാണ് എന്റെ സബ്മിഷൻ.

ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു റ്റി. തോമസ്: സർ, സാമാന്യം ദീർഘമായ മറുപടിയാണ്. അതിന്റെ പ്രസക്ത ഭാഗങ്ങൾ പറയുകയും വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുകയും ചെയ്യാം.

മി. സ്പീക്കർ: പ്രസക്ത ഭാഗങ്ങൾ പറഞ്ഞാൽ മതി.

ശ്രീ. മാത്യു റ്റി. തോമസ്: വളരെ ബൃഹത്തായ ഒരു പദ്ധതിയാണിത്. നാല് ഘട്ടങ്ങളിലായി 11326.27 ലക്ഷം (113 കോടി രൂപ) രൂപയ്ക്ക് ഭരണാനുമതി

ലഭിച്ചതാണ്. 2016 മാർച്ചിൽ ഭാഗീകമായി കമ്മീഷൻ ചെയ്തുവെങ്കിലും വിതരണ ലൈനുകൾ ഓരോന്നായി ചാർജ് ചെയ്തുവരുന്നതേയുള്ളൂ. ഫീസിബിളായ ലൈനുകളിൽ നിന്നും അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് കണക്ഷൻ നൽകി വരുന്നുണ്ട്. ചീക്കോട് ജലവിതരണ പദ്ധതിയിൽ കൊണ്ടോട്ടി മണ്ഡലത്തിലെ ചീക്കോട്, മുതുവല്ലൂർ, പുളിക്കൽ, വാഴയൂർ, ചെറുകാവ് എന്നീ പഞ്ചായത്തുകളും കൊണ്ടോട്ടി മുനിസിപ്പാലിറ്റിയും ഉൾപ്പെട്ടിട്ടുണ്ട്. ഇത് ഭാഗീകമായി മാർച്ചിൽ കമ്മീഷൻ ചെയ്തു. ഇതിന്റെ പ്രയോജനം ഭാഗീകമായി കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിലും ചീക്കോട് മുതുവല്ലൂർ, പുളിക്കൽ, വാഴയൂർ, ചെറുകാവ്, കരിമണ്ണ, വാഴക്കാട് എന്നീ പഞ്ചായത്തുകളിലും ഭാഗീകമായി ലഭ്യമാണ്. ചില പദ്ധതികൾ പൂത്തികരിക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ വിതരണ ശൃംഖലയുടെ പൈപ്പ് ലൈൻ സ്ഥാപിക്കൽ പി.ഡബ്ല്യൂ.ഡി. മുനിസിപ്പാലിറ്റി, പഞ്ചായത്തുകൾ എന്നീ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്ഥലങ്ങളിലാണ് നടന്നുവരുന്നത്. പൈപ്പ് ലൈൻ സ്ഥാപിക്കുവാൻ അനുവാദം ലഭിക്കുന്നതിനുവേണ്ടി പി.ഡബ്ല്യൂ.ഡി. അധികാരികൾക്ക് യഥാസമയം തുക അനുവദിക്കാറുണ്ട്. റോഡ് റെസ്റ്റൊറേഷൻ ഇനത്തിൽ ഒന്നാം ഘട്ടത്തിൽ 9,13,43,195 രൂപ അടയ്ക്കാൻ പി. ഡബ്ല്യൂ.ഡി. ആവശ്യപ്പെട്ടതിൽ 4,36,75,477 രൂപ

അടച്ചിട്ടുണ്ട്. ബാക്കി തുക അടയ്ക്കുവാനുണ്ട്. ഭരണാനുമതി പ്രകാരം ഈയിനത്തിൽ ഉൾപ്പെടുത്തിയിരുന്നത് 4,91,00,000 രൂപ മാത്രമായതിനാൽ മുഴുവൻ പണം ലഭിക്കുന്നതിനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകാരത്തിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ചില സ്ഥലങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി കിട്ടാനുണ്ട്. ചില സ്ഥലങ്ങളിൽ ജോയിന്റ് വേരിഫിക്കേഷൻ നടത്താനുണ്ട്. പൈപ്പ് ലൈൻ സ്ഥാപിക്കാൻ വെട്ടിപൊളിച്ച റോഡുകൾ പി.ഡബ്ല്യു.ഡി., മുനിസിപ്പാലിറ്റി, പഞ്ചായത്ത് അധികാരികൾ മുഖേനയാണ് നന്നാക്കേണ്ടത്. അതിന്റെ ജോയിന്റ് വേരിഫിക്കേഷൻ നടത്തി പ്രശ്നം പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുന്നതാണ്. ദീർഘമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്.

## കൊച്ചിൻ ട്രാംവെ റെയിൽ മ്യൂസിയം

<u>ശ്രീ. ബി. ഡി. ദേവസ്സി:</u> സർ, ചാലക്കുടി ആസ്ഥാനമായി 1905 -ൽ നിർമ്മിതമായ കൊച്ചിൻ ഫോറസ്റ്റ് ട്രാംവെ ലോകസാങ്കേതിക അത്ഭുതങ്ങളിൽ ഒന്നായിരുന്നു. ചാലക്കുടി മുതൽ പറമ്പിക്കുളം വരെ 49.5 കി. മീ. നീളത്തിൽ ബ്രിട്ടീഷ് റെയിൽവേ സാങ്കേതിക വിദ്യയും ജർമ്മൻ എൻജിൻ സാങ്കേതിക വിദ്യയും സമന്വയിപ്പിച്ച് നിർമ്മിച്ച ട്രാംവെ ഇന്ന് നിലനിന്നിരുന്നുവെങ്കിൽ

കേരളത്തെ യുണെസ്കോ പൈതൃക പട്ടികയിൽ ഉൾപ്പെടുത്താൻ സഹായകരമാകുമായിരുന്നു. ഈ സാങ്കേതിക അത്ഭുതം കേരളത്തിൽ ആദ്യമായി ടെലഫോൺ വയർലെസ്, ജനറേറ്റർ വഴി വൈദ്യുതി എന്നിവ എത്തിച്ചു. കൊച്ചി രാജ്യത്തിന്റെ വാർഷിക ബഡ്ജറ്റിന്റെ $^1/_5$ ട്രാംവെയിൽ നിന്നായിരുന്നു. ഒന്നും രണ്ടും ലോക മഹായുദ്ധങ്ങളിൽ ആവശ്യമായ തടി നൽകുന്നതുവഴി ട്രാംവെ പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. ട്രാംവെയുടെ നിർമ്മാണത്തിന്റെ ഭാഗമായി ഇവിടെ എത്തിയ വിവിധ മത വിഭാഗക്കാരുടെ പിൻതലമുറക്കാരും അവരുടെ സാംസ്കാരിക മത സ്ഥാപനങ്ങളും ഇന്നും ചാലക്കുടിയിൽ നിലനിൽക്കുന്നു. ഈ ചരിത്ര പൈതൃകത്തെ സംരക്ഷിക്കുന്നതിനും അടുത്ത തലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിനുമായി ട്രാംവെയുടെ അവശേഷിപ്പിക്കുന്ന ഭാഗങ്ങൾ പ്രദർശിപ്പിക്കുന്നൊരു മ്യൂസിയം കൊച്ചിൻ ട്രാംവെ റെയിൽവെ മ്യൂസിയം ചാലക്കുടിയിൽ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>): സർ, ബഹുമാനപ്പെട്ട എം. എൽ.എ., ബി. ഡി. ദേവസ്സി ഈ സബ്മിഷനിലൂടെ ഉന്നയിച്ച് വ്യക്തമാക്കിയത് ചരിത്ര വസ്തുതകളാണ്. ബ്രിട്ടീഷ് റെയിൽവെ സാങ്കേതിക വിദ്യയും ജർമ്മൻ എൻജിൻ സാങ്കേതിക വൈദഗ്ധ്യവും

ചേർന്ന് സൃഷ്ടിക്കപ്പെട്ട ട്രാംവെ അപൂർവ്വ ദൃശ്യവിസ്മയമാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട എം. എൽ.എ. വളരെയധികം താൽപ്പര്യം കാണിക്കുന്നതിന്റെയടിസ്ഥാനത്തിൽ ഈ സ്ഥാപനം സന്ദർശിച്ച് ഉദ്യാഗസ്ഥന്മാരുടെയും ഉത്തരവാദിത്തപ്പെട്ടവരുടെയും സാന്നിധ്യത്തിൽ നടപടികൾ സ്വീകരിക്കാനാണ് ആഗ്രഹിക്കുന്നത്. ചാലക്കുടിയിൽ ട്രാംവെയുടെ മ്യൂസിയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പുരാവസ്തുവകുപ്പിന്റെ ആഭിമുഖ്യത്തിൽ ബഹുമാനപ്പെട്ട ചാലക്കുടി എം.എൽ.എ. യുടെ അദ്ധ്യക്ഷതയിൽ 03.06.2014-ൽ ഒരു യോഗം ചേരുകയും പ്രസ്തുത മ്യൂസിയത്തിനുവേണ്ടി ബഹുമാനപ്പെട്ട എം.എൽ.എ. ചെയർമാനായി ഒരു സമിതി രൂപീകരിക്കുകയും ചെയ്തിരുന്നതാണ്. തുടർ നടപടികൾ വേണ്ടരീതിയിൽ ഉണ്ടായിട്ടില്ലായെന്നതാണ് വസ്തുത. പ്രസ്തുത മ്യൂസിയം സ്ഥാപിക്കുന്നതിനു മുന്നോടിയായി ഇതുസംബന്ധിച്ച് ഒരു സാധ്യതാ പഠനം ആവശ്യമായിട്ടുണ്ട്. പ്രസ്തുത മ്യൂസിയത്തിൽ പ്രദർശിപ്പിക്കേണ്ട വസ്തുക്കളുടെ ലഭ്യത, ആയത് ശേഖരിക്കുന്നതിന് അവലംബിക്കേണ്ട മാർഗ്ഗങ്ങൾ, ആവശ്യമായ മനുഷ്യ വിഭവശേഷി എന്നിവ സംബന്ധിച്ച് ഒരു സാധ്യതാ പഠനം നടത്തിയതിനുശേഷം തീരുമാനിക്കാവുന്നതാണ്. കൂടാതെ ട്രാംവെയുടെ അവശിഷ്ടങ്ങൾ കാടിനുള്ളിലായതിനാൽ വനം റവന്യൂ എന്നീ വകുപ്പുകളുടെ

സഹായവും സഹകരണവും ഈ കാര്യത്തിന് ആവശ്യമായിട്ടുണ്ട്. കൂടാതെ മ്യൂസിയം സജ്ജീകരിക്കുന്നതിന് അനുയോജ്യമായ സ്ഥലവും കണ്ടെത്തേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ ട്രാംവെ മ്യൂസിയം ആരംഭിക്കുന്നത് സംബന്ധിച്ച സാധ്യതാ പഠനം നടത്തി അനുയോജ്യമായ നടപടി സ്വീകരിക്കുന്നതാണ്. അതിനുമുൻപ് ബഹുമാനപ്പെട്ട എം.എൽ.എ, യുടെ സാന്നിധ്യത്തിൽ ചാലക്കുടി ട്രാംവെ സ്ഥിതി ചെയ്യുന്ന സ്ഥലം സന്ദർശിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## തസ്തിക സൃഷ്ടിക്കൽ

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, അരൂർ മണ്ഡലത്തിലെ തീരദേശ നിവാസികളായ മത്സ്യത്തൊഴിലാളികളും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരും തിങ്ങിപ്പാർക്കുന്നൊരു പ്രദേശത്തെ ഏറ്റവും വലിയൊരു ആശ്രയ ആരോഗ്യകേന്ദ്രമാണ് തുറവൂർ താലൂക്കാശുപത്രി. അരൂർ നിയോജക മണ്ഡലത്തിൽ തന്നെയുള്ള കയറ്റുമതി സ്ഥാപനം (പേര് പറയാൻ താൽപ്പര്യപ്പെടുന്നില്ല) ഉദ്ദേശം 80 ലക്ഷത്തിലധികം (ഒരു കോടിയോളം) രൂപ മുടക്കി 6 ഡയാലിസിസ് യൂണിറ്റുകൾ ആശുപത്രിയിൽ സൗജന്യമായി സ്ഥാപിക്കുകയുണ്ടായി. അവിടത്തെ മെഡിക്കൽ ഓഫീസർ പ്രത്യേകം പരിശീലനം നേടി വന്നതിനുശേഷമാണ് ഇപ്പോൾ ആ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നത്. ആ ഒരു ഡോക്ടറുടെ സേവനം

മാത്രമാണ് അവിടെ കിട്ടുന്നത്. അവിടെ ഡയാലിസിസ് ടെക്നീഷ്യന്മാരുടെ തസ്തിക ഇല്ല. എച്ച്.എം.സി. കമ്മിറ്റി കൂടി ഒ.പി. ടിക്കറ്റിന്റെ ചാർജ് വർദ്ധിപ്പിച്ച് കിട്ടിയ തുക കൊണ്ടാണ് അവിടെ രണ്ട് ഡയാലിസിസ് ടെക്നീഷ്യന്മാരെ നിയമിച്ച് ഇപ്പോൾ ഈ യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നത്. ഇപ്പോൾ അവിടെ ആറ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ച കെട്ടിടത്തിന്റെ പണി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് പൂർത്തീകരിച്ചത്. ആ കെട്ടിടത്തിന്റെ ഉദ്ഘാടനത്തിന് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻചാണ്ടിയും ആരോഗ്യവകുപ്പുമന്ത്രിയായിരുന്ന ശ്രീ. വി. എസ്. ശിവകുമാറും വന്നപ്പോൾ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും തസ്തിക സൃഷ്ടിച്ച് അനുവദിക്കാമെന്ന് ഉദ്ഘാടന വേളയിൽ പ്രഖ്യാപിക്കുകയും ചെയ്തു. ആ പ്രഖ്യാപനം നടപ്പിലാക്കുന്നതിന് ധാരാളം കത്തുകളും കൊടുത്തിരുന്നതാണ്. പക്ഷെ അതൊന്നും ചെയ്തില്ല. ഇപ്പോൾ ഈ ഡോക്ടർ അവധിയെടുത്താൽ അത് പ്രവർത്തിപ്പിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. കൂടുതൽ ടെക്നീഷ്യന്മാരെ വേണം. ഇവർക്ക് കൂടുതൽ ശമ്പളം കൊടുത്ത് സ്റ്റാഫിനെ വയ്ക്കാൻ കഴിയാത്ത പരിതസ്ഥിതിയുണ്ട്. പാവപ്പെട്ടവരായ നിരവധി ആളുകൾ

വന്നുകൊണ്ടിരിക്കുകയാണ്. നാമമാത്രമായ ഫീസാണ് വാങ്ങുന്നത്. പരിശീലനം ലഭിച്ച ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും തസ്തിക സൃഷ്ടിച്ച് നല്ല രീതിയിൽ പ്രവർത്തിച്ചാൽ ജനങ്ങൾക്ക് അത് വളരെ ഗുണപ്രദമാകും. താലൂക്ക് ആശുപത്രികളിൽ ഇത്തരം ഡയാലിസിസ് യൂണിറ്റ് കേന്ദ്രങ്ങൾ തുടങ്ങുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ ചോദ്യോത്തരവേളയിൽ പറഞ്ഞിരുന്നു. അതിനുവേണ്ടി പത്ത് നാൽപ്പത്തിയാറ് കേന്ദ്രങ്ങൾ എടുത്തിട്ടുണ്ട്. അതിൽ തുറവൂർ ആശുപത്രി ഉൾപ്പെട്ടിട്ടില്ലെങ്കിൽ അതും കൂടി ഉൾപ്പെടുത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, തുറവൂർ താലൂക്കാശുപത്രിയായി 2010-ലാണ് കമ്മ്യൂണിറ്റി സെന്റർ ഉയർത്തപ്പെട്ടത്. അവിടെ 24 കിടക്കകളും ഒ.പി. 200 എണ്ണമാണ് സാധാരണയായി വരുന്നത്. തീരപ്രദേശത്തുള്ള മത്സ്യതൊഴിലാളികളും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുമാണ് ഈ സ്ഥാപനത്തെ ആശ്രയിക്കുന്നവരിൽ ഭൂരിഭാഗവും. ഈ സ്ഥാപനത്തിൽ നേരത്തെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഒരു സ്വകാര്യ സാംസ്കാരിക സ്ഥാപനത്തിന്റെ ഭാഗമായി ഡയാലിസിസ് യൂണിറ്റ് അനുവദിച്ചിട്ടുണ്ട്. 5 ഡയാലിസിസ് യൂണിറ്റുകൾ

സൗജന്യമായി അവിടെ സ്ഥാപിച്ചു. യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് എച്ച്.എം.സി. തീരുമാനമെടുക്കുകയും എച്ച്.എം.സി. ഫണ്ടിൽ നിന്ന് വേതനം നൽകികൊണ്ട് ജീവനക്കാരെ /ടെക്നീഷ്യന്മാരെ നിശ്ചയിക്കുകയാണ് ചെയ്തത്. ഈ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് ട്രെയിനിംഗ് നേടിയ മെഡിക്കൽ ഓഫീസർ പ്രസ്തുത പ്രവർത്തനത്തിന് മേൽനോട്ടം വഹിച്ചുവരുന്നുണ്ട്. തുറവൂർ താലൂക്കാശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ്സിന്റെ (ജനറൽ മെഡിസിൻ വിഭാഗത്തിൽപ്പെട്ട) ഒരു തസ്തികയാണ് നിലവിലുള്ളത്. ഈ തസ്തികയിൽ ഡോക്ടറെ ഇപ്പോൾ നിശ്ചയിച്ചിട്ടുണ്ട്. അതുപോലെ തന്നെ 4 ക്യാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരെ 17.08.2016-ന്റെ ഉത്തരവുപ്രകാരം അനുവദിച്ചിട്ടുണ്ട്. അവിടെ ഡോക്ടർമാരെ അടിയന്തിരമായി തന്നെ നിശ്ചയിക്കുന്നതാണ്. തസ്തിക ഇപ്പോൾ അനുവദിച്ചു കൊടുത്തിട്ടുണ്ട്. ഘട്ടംഘട്ടമായി താലൂക്ക് ആശുപത്രികൾ സ്പെഷ്യാലിറ്റി സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി തുറവൂർ താലൂക്ക് ആശുപത്രിയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും തസ്തികകൾ സൃഷ്ടിക്കുന്നതിനും ശ്രമിക്കുകയാണ്. പൊതുവായി എല്ലാ സ്ഥാപനങ്ങളിലുമുള്ള തസ്തിക സൃഷ്ടിക്കാത്ത ബുദ്ധിമുട്ട് തുറവൂർ താലൂക്കാശുപത്രിയും അനുഭവിക്കുകയാണ്.

താലൂക്കാശുപത്രികളിൽ ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനുവേണ്ടി ഒരു സമാഹൃത പ്രൊപ്പോസൽ സർക്കാർ ധനകാര്യവകുപ്പിലേയ്ക്കും ക്യാബിനറ്റിലേയ്ക്കും കൊണ്ടുപോകുകയാണ്. അതിന്റെ ഭാഗമായി തസ്തിക അനുവദിച്ചു കിട്ടുന്ന മുറയ്ക്ക് പുതിയതായി സൃഷ്ടിക്കുന്ന തസ്തികകളും തുറവൂർ താലൂക്കാശുപത്രിയ്ക്ക് ലഭ്യമാകുന്നതാണെന്നാണ് സൂചിപ്പിക്കാനുള്ളത്.

## 108 ആംബുലൻസിന്റെ പ്രവർത്തനം

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, റോഡപകടങ്ങളിൽപ്പെടുന്നവർക്കും മറ്റ് അത്യാഹിതങ്ങളിൽപ്പെടുന്നവർക്കും അടിയന്തരസഹായം എത്തിക്കുകയെന്ന ലക്ഷ്യത്തോടെയാണ് 2010 മെയ് മാസം 108 ആംബുലൻസിന്റെ പ്രവർത്തനം ആരംഭിച്ചത്. 108 ആംബുലൻസിന്റെ സ്തുത്യർഹമായ പ്രവർത്തനംമൂലം ഏതാണ്ട് ഒരു ലക്ഷത്തിലേറെ രോഗികളുടെ ജീവൻ രക്ഷിക്കാനായിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം ജില്ലയിൽ 25 ആംബുലൻസുകളും ആലപ്പുഴ ജില്ലയിൽ 18 ആംബുലൻസുകളുമാണ് ഉള്ളത്. എന്നാൽ ഈ അടുത്ത കാലത്തായി 108 ആംബുലൻസുകളുടെ പ്രവർത്തനം ഏതാണ്ട് നിലച്ച അവസ്ഥയിലാണുള്ളത്. റോഡപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തര വൈദ്യസഹായം ലഭ്യമാക്കാൻ 108 ആംബുലൻസുകളുടെ ദൗർലഭ്യംമൂലം സാധിക്കുന്നില്ല. നിയമപ്രകാരം 3

വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങളെ ആംബുലൻസുകളായി നിലനിർത്താൻ സാധിക്കുകയില്ല. ഇപ്പോൾ 108 ആംബുലൻസുകളിൽ അധികവും 6 വർഷത്തിലധികം പഴക്കമുള്ളതാണ്. ഈ സാഹചര്യത്തിൽ 108 ആംബുലൻസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഒന്നുകിൽ പുതിയ ആംബുലൻസുകൾ വാങ്ങുന്നതിനോ അല്ലെങ്കിൽ അടിയന്തരമായി അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ടെസ്റ്റ് നടത്തി നിരത്തിലിറക്കാനുള്ള നടപടികൾ സ്വീകരിക്കണം. മാത്രമല്ല ഇതിന്റെ പ്രവർത്തനം മറ്റുജില്ലകളിൽ കൂടി വ്യാപിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട് മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കേന്ദ്ര സർക്കാരിന്റെ നാഷണൽ ഹെൽത്ത് മിഷനുകീഴിൽ കേരള എമർജൻസി മെഡിക്കൽ സർവ്വീസസ് പ്രോജക്ടിന്റെ (KEMP) ഭാഗമായിട്ടാണ് തിരുവനന്തപുരം ജില്ലയിൽ 25 അഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ട് ആംബുലൻസുകളുമായി 2010-ൽ ഈ പ്രവർത്തനം ആരംഭിച്ചത്. പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് എന്ന മോഡലിൽ പ്രാവർത്തികമാക്കിയ പദ്ധതിയുടെ നടത്തിപ്പവകാശം ടെണ്ടർ നടപടികളിലൂടെ ആദ്യം ചികിത്സാ ഹെൽത്ത് കെയർ എന്ന കമ്പനിക്കാണ് നൽകിയിരുന്നത്. 2012 ഏപ്രിൽ 21-ാം തീയതി മുതൽ 18

ആംബുലൻസുകളുമായി ഈ പ്രോജക്ടിന്റെ പ്രവർത്തനം ആലപ്പുഴ ജില്ലയിലേയ്ക്കും വ്യാപിപ്പിച്ചു. ടി കമ്പനിയുടെ കരാർ കാലാവധി അവസാനിച്ചതിനാൽ 2014 ഒക്ടോബറിൽ വീണ്ടും ടെണ്ടർ വിളിക്കുകയും അതിന്റെ ഭാഗമായി ജി.വി.കെ.ഇ.എം.ആർ.ഐ എന്ന കമ്പനി ഈ പ്രോജക്ടിന്റെ പ്രവർത്തനം ഏറ്റെടുക്കുകയും ചെയ്തു. പിന്നീട് പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനായി ടെണ്ടർ വിളിക്കുകയും അന്നത്തെ ഓപ്പറേറ്റിംഗ് ഏജൻസിയായ ജി.വി.കെ.ഇ.എം.ആർ.ഐ ഏറ്റവും കുറഞ്ഞ നിരക്ക് സമർപ്പിക്കുകയും ചെയ്തു. ഈ നിരക്ക് ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി, പ്ലാനിംഗ് സെക്രട്ടറി, ആരോഗ്യവകുപ്പ് സെക്രട്ടറി എന്നിവരടങ്ങിയ സെക്രട്ടറിമാരുടെ ഒരു കമ്മിറ്റി വിവിധ ഘട്ടങ്ങളിലായി പരിശോധിക്കുകയും നിരക്ക് കുറയ്ക്കാൻ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ സെക്രട്ടറിമാരുടെ കമ്മിറ്റി മുന്നോട്ടുവച്ച നിരക്കുകൾക്കനുസരിച്ച് പ്രവർത്തിക്കാൻ സാധ്യമല്ലെന്നാണ് കമ്പനി അറിയിച്ചത്. നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലെ 108 ആംബുലൻസിന്റെ പ്രവർത്തനവുമായി മുന്നോട്ടുപോകാൻ സാദ്ധ്യമല്ലെന്ന് കമ്പനി അറിയിക്കുകയും ചെയ്തു. ഈ അവസരത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയുമായി ചേർന്ന് 108

ആംബുലൻസിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നതാണെന്ന അഭിപ്രായം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സർക്കാരിലേയ്ക്ക് സമർപ്പിച്ചു. ചുരുങ്ങിയ കാലയളവിനുള്ളിൽ ആറ് വർഷത്തോളം പഴക്കമുള്ളതും ശരാശരി രണ്ടര ലക്ഷം കിലോമീറ്റർ സഞ്ചരിച്ചതുമായ വാഹനങ്ങളാണ് പ്രവർത്തിപ്പിക്കേണ്ടത്. അത് പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓപ്പറേറ്റിംഗ് ഏജൻസിയെ ലഭിക്കാൻ വലിയ ബുദ്ധിമുട്ടായിരുന്നു. ആ വിദൂര സാദ്ധ്യത മുൻനിർത്തി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ നിർദ്ദേശം അംഗീകരിച്ചുകൊണ്ട് ഈ വാഹനങ്ങൾ ജി.വി.കെ.ഇ.എം.ആർ.ഐ -ൽ നിന്നും ഏറ്റെടുത്ത് ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയുമായി ചേർന്ന് പ്രവർത്തിപ്പിക്കുന്നതിനായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറുകയാണ് ചെയ്തത്. തൽഫലമായി 16.7.2015-മുതൽ വാഹനങ്ങളും അതിലെ ജീവനക്കാരും അതത് ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയുടെ കീഴിലും കൺട്രോൾ റൂമും അതിലെ ജീവനക്കാരും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിലുമാണ് പ്രവർത്തിക്കുന്നത്. കേരള എമർജൻസി മെഡിക്കൽ സർവ്വീസസ് പ്രോജക്റ്റ് (KEMP) എന്ന പദ്ധതി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ പൊതുമേഖലയിൽ നടത്തിവരുന്നു. തിരുവനന്തപുരം ജില്ലയിൽ നിലവിൽ 11 വാഹനങ്ങൾ സർവ്വീസ്

നടത്തുന്നുണ്ട്. 14 വാഹനങ്ങളുടെ ഫിറ്റ്നസ് ടെസ്റ്റിനായുള്ള അറ്റകുറ്റപ്പണികൾ വാഹനനിർമ്മാതാക്കളായ ഫോഴ്സ് മോട്ടോഴ്സിന്റെ തിരുവനന്തപുരത്തെ ആതറൈസ്ഡ് വർക്ക്ഷോപ്പിൽ നടന്നുവരുന്നു. രണ്ടര ലക്ഷം കിലോമീറ്റർ ഓടിയ വണ്ടികളിൽ പലതും ഇനി ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലാണുള്ളതെന്നാണ് വസ്തുത. അത് ഓടിയാൽ ജനങ്ങളുടെ ജീവൻ രക്ഷിക്കുന്നതിനുപകരം ജീവൻ നഷ്ടപ്പെടുന്ന അവസ്ഥ വരും. ഫിറ്റ്സ് പരിശോധന വർക്ക്ഷോപ്പിൽ നടന്നുവരുകയാണ്. ഈ വർക്ക്ഷോപ്പിൽ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്താനുള്ള ബാഹുല്യമുള്ളതിനാൽ പണികൾ പെട്ടെന്ന് പൂർത്തീകരിച്ചുകിട്ടുന്നില്ലെന്ന് കണ്ടപ്പോൾ അതിലെ കുറച്ച് വാഹനങ്ങൾ കൊല്ലം, കോട്ടയം ജില്ലകളിലുള്ള ഫോഴ്സ് മോട്ടോഴ്സിന്റെ വർക്ക്ഷോപ്പിലേയ്ക്ക് മാറ്റാൻ തീരുമാനിച്ചു. അതിൻപ്രകാരം കുറച്ചുവാഹനങ്ങൾ ആ വർക്ക്ഷോപ്പിലേയ്ക്ക് മാറ്റിയിട്ടുമുണ്ട്. ആലപ്പുഴ ജില്ലയിൽ നടത്തുന്ന 18 വാഹനങ്ങളിൽ 16 എണ്ണവും അറ്റകുറ്റപ്പണികൾ തീർത്ത് ഫിറ്റ്നസ് പൂർത്തിയാക്കി സർവ്വീസ് നടത്തുന്നുണ്ട്. രണ്ട് വാഹനങ്ങളുടെ ഫിറ്റ്നസ് ടെസ്റ്റിനായുള്ള അറ്റകുറ്റപ്പണികൾ നടന്നുവരുന്നുണ്ട്. ഇതിൽ ചിലത് വല്ലാത്ത അവസ്ഥയിലുള്ള വാഹനങ്ങളാണെന്ന് കാണുന്നുണ്ട്. 108 ആംബുലൻസ് പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിനുള്ള

പ്രവർത്തനച്ചെലവുകൾ കണക്കിലാക്കി വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനോട് ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച റിപ്പോർട്ടിലെ നിരക്കുകൾ പുനഃപരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ഇപ്പോൾ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. മാത്രമല്ല, ഒരു സമ്പൂർണ്ണ ട്രോമാകെയർ സിസ്റ്റത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. അതുമായി ബന്ധപ്പെട്ട് ആംബുലൻസുകൾ കൂടുതൽ വാങ്ങുന്നതിനും അതുപോലെ ഇത്തരം പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കുന്നതിനും സർക്കാർ ആലോചിക്കുന്നുണ്ട്. 108 ആംബുലൻസുകളുടെ കാര്യം കൂടി അതിൽ ഉൾപ്പെടുത്തി ആലോചിക്കുന്നതാണ്.

## ബത്തേരി-നഞ്ചൻകോഡ് റെയിൽപാതയുടെ സർവ്വെ നടപടികളും പദ്ധതിരേഖയും പൂർത്തിയാക്കൽ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, വളരെ അടിയന്തര പ്രാധാന്യത്തോടുകൂടിയാണ് ഞാൻ ഈ സബ്മിഷൻ സഭയിൽ ഉന്നയിക്കുന്നത്. കൊച്ചിയേയും ബാംഗ്ലൂരിനേയും തമ്മിൽ നേരിട്ട് ബന്ധിപ്പിക്കുന്ന കേരളത്തിന്റെ ഭാവി വികസനത്തിനും പരിസ്ഥിതി സംരക്ഷണത്തിനും അത്യാവശ്യമായ നിലമ്പൂർ-

സുൽത്താൻ ബത്തേരി - നഞ്ചൻകോഡ് റെയിൽവേ പാതയ്ക്ക് ബഡ്ജറ്റിതര വിഭവ വിഭാഗത്തിൽ റെയിൽവേയുടെ അനുമതി ലഭിക്കുകയും സംയുക്ത സംരംഭമായി നടപ്പാക്കാൻ കേരള റെയിൽവേയുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തു. അപ്രകാരം പാതയുടെ ഫൈനൽ ലൊക്കേഷൻ സർവ്വെയും വിശദമായ പദ്ധതിരേഖയും തയ്യാറാക്കാൻ ഡി.എം.ആർ.സി യെ ചുമതലപ്പെടുത്തിയും ചെലവിനായി 8 കോടി രൂപ അനുവദിച്ച് 24.6.2016-ൽ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം അറിയാൻ കഴിഞ്ഞത് വനംവകുപ്പ് ചില തടസ്സങ്ങൾ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ഡി.എം.ആർ.സി-ക്ക് പണം നൽകാത്തതിൽ സർവ്വെ നടപടികൾ തടസ്സപ്പെട്ടിരിക്കുകയാണെന്നാണ്. വയനാട്ടിൽ രാത്രിയാത്രനിരോധനം മാത്രമല്ല, കേരളത്തിന്റെ പൊതുവികസനത്തിനും, ഈ പാതയുടെ പ്രാധാന്യം കണക്കിലെടുത്ത് വയനാട് പാർലമെന്റ് എം.പി. ശ്രീ. എം.എ ഷാനവാസ് ഈ വിഷയം പലവട്ടം പാർലമെന്റിൽ ഉന്നയിക്കുകയും ചെയ്തു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേരള മുൻ മുഖ്യമന്ത്രി, ശ്രീ. ഉമ്മൻ ചാണ്ടി കേന്ദ്ര റെയിൽവേ മന്ത്രാലയവുമായി ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ പാതയ്ക്ക് വേണ്ടിവരുന്ന മൊത്തം ചെലവിന്റെ 51 ശതമാനം കേരളം വഹിക്കാമെന്നുള്ള ക്യാബിനറ്റ് തീരുമാനമെടുക്കുകയും ചെയ്തു. ഈ പദ്ധതി

കേരളത്തിന്റെ ഒരു പൊതുവികസന കാഴ്ചപ്പാടോടുകൂടി കണ്ടുകൊണ്ട് ഇതിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇടപെടണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ആവശ്യപ്പെടാനുള്ളത്.

മരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, നമ്മുടെ ഗവൺമെന്റും റെയിൽവേ മന്ത്രാലയവുമായി കേരളത്തിന്റെ അടിസ്ഥാന റെയിൽ വികസനത്തിനായി ഒരു എഗ്രിമെന്റിൽ ഒപ്പുവച്ചിട്ടുണ്ട്. കഴിഞ്ഞ സെപ്തംബർ ഒന്നിന് ഡൽഹിയിൽ സംസ്ഥാന ഗവൺമെന്റിനുവേണ്ടി ഗതാഗത സെക്രട്ടറി, ശ്രീ. ജ്യോതിലാൽ ഐ.എ.എസ് ആണ് ഒപ്പുവച്ചത്. 51:49 എന്നതാണ് ഓഹരി പങ്കാളിത്തത്തിന്റെ അടിത്തറ. ഈ പട്ടികയിൽ മുൻഗണനയുള്ളതാണ് നിലമ്പൂർ-സുൽത്താൻ ബത്തേരി - നഞ്ചൻഗോഡ് പാത. അന്തിമ പദ്ധതി തയ്യാറാക്കാൻ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ചെലവിനായി 8 കോടി രൂപ ധനകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി അനുവദിച്ചിട്ടുണ്ട്. അതിന് 24.6.2016- ന് ഗതാഗത വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. രണ്ട് കോടി രൂപയും സർവ്വീസ് ടാക്സും ആദ്യഘട്ടത്തിൽ മൊബിലൈസേഷൻ ചാർജ്ജായി ഡി.എം.ആർ.സി ആവശ്യപ്പെട്ടിട്ടുണ്ട്. ആവശ്യപ്പെട്ട തുക ഉയർന്ന

നിരക്കിലുള്ളതാണെന്ന് കണ്ടെത്തിയതിനാൽ ഡി.എം.ആർ.സി-യുമായി നെഗോസിയേഷൻ നടത്തുവാനും അതിനുശേഷം ഫയൽ സമർപ്പിക്കുവാനും ധനകാര്യവകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നടപടികളുമായി മുന്നോട്ടുപോകും.

## മാവേലിക്കര -കണ്ടിയൂർ ബൈപ്പാസ് നിർമ്മാണം

ശ്രീ. ആർ. രാജേഷ്: സർ, മാവേലിക്കര-കണ്ടിയൂർ ബൈപ്പാസ്സിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കണമെന്നതാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്ന വിഷയം. എൻ.എച്ച് ഉം എം.സി. റോഡുമൊന്നുമില്ലാത്ത ഒരു ചെറിയ ഒരു പട്ടണമാണ് മാവേലിക്കര. അതുകൊണ്ടുതന്നെ അതിരൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന ഒരു പ്രദേശം കൂടിയാണ്. ബൈപ്പാസ്സിന്റെ നിർമ്മാണം പൂർത്തീകരിച്ചാൽ ആ ഗതാഗതക്കുരുക്കിന് പരിഹാരമുണ്ടാക്കാൻ കഴിയും. അതിന് ആവശ്യമായ സ്ഥലം പൂർണ്ണമായും സൗജന്യമായി ഏറ്റെടുത്തുകഴിഞ്ഞു, ഭരണാനുമതി ലഭിച്ചു ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു, എന്നാൽ അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ഈ വിഷയം ബഹുമാനപ്പെട്ട മന്ത്രിയോട് ചൂണ്ടിക്കാണിച്ചു. അദ്ദേഹം പ്രത്യേകമായി യോഗം വിളിച്ചുചേർത്ത് ആവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

അത് കുറച്ചുകൂടി വേഗത്തിലാക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും കാര്യക്ഷമമായ ഇടപെടൽ വേണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

മരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ( ശ്രീ. ജി. സുധാകരൻ ) : സർ, ബഹുമാനപ്പെട്ട മെമ്പർ, ശ്രീ. രാജേഷ് ഇവിടെ ഉന്നയിച്ച വിഷയം, മാവേലിക്കര-കണ്ടിയൂർ ബൈപ്പാസ്സിന്റെ ഒന്നാം ഘട്ട നിർമ്മാണത്തിനുവേണ്ടി 11.2.2014-ൽ രണ്ടുകോടി രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും കിട്ടിയിട്ടുള്ളതാണ്. രണ്ട് കോടി മുപ്പത് ലക്ഷം രൂപ സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. ടെണ്ടർ ചെയ്തെങ്കിലും കരാറുകാരുടെ ഭാഗത്തുനിന്നും പ്രതികരണമൊന്നുമുണ്ടായില്ല. ബൈപ്പാസ് കടന്നുപോകേണ്ടത് ആഴമുള്ള ചെളിനിറഞ്ഞ ഒരു പുഞ്ചയിൽ കൂടിയാണ്. അവിടെ മണ്ണ് നിറയ്ക്കുന്നതിന് എസ്റ്റിമേറ്റിൽ വകയിരുത്തിയ തുക കുറവായതുകൊണ്ട് കരാറുകാരാരും മുന്നോട്ടുവരുന്നില്ല. സുനിൽ ചന്ദ്രൻ എന്ന കരാറുകാരൻ 115 ശതമാനം അധികനിരക്കിൽ ക്വട്ടേഷൻ എൽ.എം.ആർ. സഹിതം സമർപ്പിച്ചെങ്കിലും അംഗീകാരം കിട്ടിയിട്ടില്ല. തുടർന്ന് ഗ്രാവിലിന് ആലപ്പുഴ ജില്ലക്കാർക്കായുള്ള പ്രത്യേക കൺവെയൻസിൽ ഉൾപ്പെടുത്തി പുതിയ ഡി.എസ്.ഒ വാങ്ങി എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ നിർദ്ദേശം നൽകിയെങ്കിലും റേറ്റ്

തീരുമാനമാകാതെ നിൽക്കുകയാണ്. റേറ്റ് തീരുമാനമായാലുടൻ പണി ആരംഭിക്കുന്നതാണ്. ഇതുമാത്രമല്ല, മണ്ണ് ആവശ്യമായ കേരളത്തിലെ മുഴുവൻ പ്രവർത്തനങ്ങളും സ്തംഭിച്ചിരിക്കുകയാണ് അതിന് ഉദ്യോഗസ്ഥരുടെ ഉന്നതതല കമ്മിറ്റിയുണ്ട്. ആ കമ്മിറ്റി കൂടി ആവശ്യമായ തീരുമാനമെടുക്കാവുന്നതാണ്. മരാമത്ത് വകുപ്പിന്റെ പല പണികളും പ്രതിസന്ധിയിലാണ്.

## എം.എൽ.എ. ഫണ്ട് ലഭ്യമാകുന്നതിലെ കാലതാമസം

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, ഒരു പ്രധാനപ്പെട്ട വിഷയമാണ്. എം.എൽ.എ. ഫണ്ട് എന്നുപറയുന്നത് എല്ലാ എം.എൽ.എ.മാരുടേയും ഒരു പ്രിവിലേജാണ്. എം.എൽ.എ. ഫണ്ടിന് എഴുതിക്കൊടുക്കുന്നത് കളക്ടർക്കാണെന്ന് അങ്ങേയ്ക്കറിയാം. വളരെ മോശമായ രീതിയിലാണ് എം.എൽ.എ.മാരോടുള്ള കൊല്ലം ജില്ലാകളക്ടറുടെ സമീപനം. കാരണം അവർ ഈ ഫയൽ എടുത്തുവച്ചുകൊണ്ടിരിക്കുകയാണ്. ഒരുമാസം, രണ്ട് മാസം, ഇപ്പോൾ മൂന്ന് മാസമായി. പി.ഡബ്ല്യൂ.ഡി. എടുത്ത എസ്റ്റിമേറ്റുകൾ, ഉദാഹരണത്തിന് കഴിഞ്ഞ വർഷം നമ്മൾ എടുത്ത ഹൈമാസ്റ്റ് ലൈറ്റുകൾക്ക് സിഡ്കോ, കെ.എസ്.ഐ.ഇ.

തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളെ ഏൽപ്പിക്കുമ്പോൾ ഇലക്ട്രിസിറ്റി ബോർഡ് ചീഫ് എൻജിനീയർ എസ്റ്റിമേറ്റെടുത്തു കൊടുക്കും. ഇലക്ട്രിസിറ്റി ബോർഡിന്റെ ജോലി അതല്ല. അവർ സ്ട്രീറ്റ് ലൈറ്റിനുപോലും എസ്റ്റിമേറ്റ് എടുക്കാറില്ല. കാലതാമസം ഒഴിവാക്കാൻ ഒരു നിർദ്ദേശം അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണം. എല്ലാ ജില്ലകളിലും ഉണ്ട്. പുതിയ കളക്ടർമാരാണ്. കൊല്ലം ജില്ലയിലെ എം.എൽ.എ.മാർക്ക് ഒരേ അഭിപ്രായമാണ്. ഞങ്ങൾ വളരെ ബുദ്ധിമുട്ടുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർ ഇക്കാര്യത്തിൽ അടിയന്തരമായി കർശന നടപടി സ്വീകരിക്കണം.

മി. സ്പീക്കർ: അത് പരിശോധിച്ച് നടപടി സ്വീകരിക്കാം.